**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 3613** — **30.01.2014-ൽ മറുപടിക്ക്.**

## പോലീസ് സ്റ്റേഷനുകളിലെ ഡിജിറ്റൈസേഷൻ സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ.സി.പി. മുഹമ്മദ് | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത ഡിജിറ്റൈസ്ഡ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | : | എ) CIPA (Common Integrated Police Application), iAPS (Internal Administrative Processing System), എന്നീ കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങൾ പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ CCTNS (Crime and Criminal Tracking Network System) എന്ന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങി കഴിഞ്ഞു. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | ബി) CIPA-യിലൂടെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്നത് വഴി കുറ്റമറ്റരീതിയിൽ എഫ്.ഐ.ആർ തയ്യാറാക്കുന്നതിന് സാധിക്കുന്നു. പൊതുജനങ്ങൾക്ക് കേരളത്തിലെ ഏത് പോലീസ് സ്റ്റേഷനുകളിൽ നിന്നും മറ്റ് പോലീസ് സ്റ്റേഷനുകളിലേയ്ക്ക് പരാതി അയയ്ക്കുന്നതിനും പരാതി രജിസ്റ്റർ ചെയ്യുമ്പോൾ ലഭിയ്ക്കുന്ന നമ്പർ ഉപയോഗിച്ച് കേരളാ പോലീസ് വെബ് സൈറ്റ് വഴി പരാതിയുടെ നിജസ്ഥിതി അറിയുവാനും സാധിക്കും. പോലീസ് ഭരണവിഭാഗത്തിലും, പോലീസ് സ്റ്റേഷനുകളിലും ലഭിക്കുന്ന പരാതികളിന്മേലും, മറ്റ് തപാലുകളിന്മേലും യഥാസമയം എന്ത് നടപടിയെടുത്തുവെന്നും അതിന്റെ നിലവിലെ സ്ഥിതി അറിയുന്നതിനും iAPS ലൂടെ സാധിയ്ക്കുന്നു. ഉദ്യോഗസ്ഥർക്ക് അവരവരുടെ കീഴിലുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളിൽ മേൽ നോട്ടം നടത്തി കുറ്റമറ്റതാക്കാൻ ഈ സംവിധാനത്തിലൂടെ സാധിയ്ക്കുന്നു. |
| സി) കുറ്റകൃത്യങ്ങൾ തടയുന്നതിന് ഇത് എത്രമാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ; | | സി) CCTNS നടപ്പാക്കുന്നതുവഴി ഒരു പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ കുറ്റകൃത്യങ്ങളെക്കുറിച്ചും അതിൽ ഉൾപ്പെട്ടിരിക്കുന്ന കുറ്റവാളികളെ കുറിച്ചുമുള്ള വിവരങ്ങൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും അറിയുവാൻ സാധിക്കുന്നു. കുറ്റകൃത്യങ്ങളുടെ സ്വഭാവം അനുസരിച്ച് എളുപ്പത്തിൽ കുറ്റവാളികളെ കണ്ടെത്തുവാൻ സാധിക്കുന്നു. ഇന്ത്യയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും കുറ്റവാളികളെ കുറിച്ചുള്ള വിവരങ്ങൾ അറിയിക്കുവാനും കുറ്റകൃത്യങ്ങൾ തടയുവാനും സാധിക്കുന്നു. |

| | |
|---|---|
| ഡി) എത്ര പോലീസ് സ്റ്റേഷനുകളിൽ പ്രസ്തുത സംവിധാനം പ്രവർത്തിച്ച് വരുന്നുണ്ട്; | ഡി) കേരളത്തിലെ 486 പോലീസ് സ്റ്റേഷനുകളിൽ CIPA-യുടെയും iAPs – ന്റെയും പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. പ്രാരംഭ പ്രവർത്തനം എന്ന നിലയിൽ CCTNS തിരുവനന്തപുരത്ത് പാറശ്ശാല പോലീസ് സ്റ്റേഷനിലും, കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലും, എറണാകുളം സെൻട്രൽ സ്റ്റേഷനിലും, ഇടുക്കിയിലെ കട്ടപ്പന പോലീസ് സ്റ്റേഷനിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ഇ) എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഇ) ക്രമാനുഗതമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ